64

1B5N25065 (Pages : 2) Reg. No:…………………......

Name: ……………………….

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2025**

**BML5B07 - Malayala Vyakaranam**

(2022 Admission onwards)

Time: 2 ½ hours Max. Marks : 80

## Section A

### രണ്ടോ മൂന്നോ വാക്യത്തിൽ കുറിപ്പ് എഴുതുക

1. സ്വരസന്ധി
2. ചില്ലുകൾ
3. ചുട്ടെഴുത്ത്
4. മഹാവാക്യം
5. ആഖ്യാതം
6. സംജ്ഞാനാമം
7. ഇടനില
8. പേരെച്ചം
9. ദ്വികർമ്മകക്രിയ
10. ഗതി
11. തദ്ധിതം
12. കേരളപാണിനീയം
13. ലിപി
14. പദം
15. മിശ്രവിഭക്തി

(15 x 2 = 30 മാർക്ക് ; പരമാവധി മാർക്ക് 25 )

## Section B

ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരം എഴുതുക

16. മലയാളത്തിലെ അനുപ്രയോഗങ്ങളെ ഉദാഹരണസഹിതം പരിചയപ്പെടുത്തുക.
17. കേരളപാണിനിയുടെ ഭേദകവിഭജനം വിമർശനരൂപേണ പരിശോധിക്കുക.
18. മലയാളത്തിലെ സ്വരവിഭജനം രേഖപ്പെടുത്തുക.
19. "ചുട്ടെഴുത്തിന് പിൻ വന്നാൽ

    മെയ്യേതും ദ്വിത്വമാർന്നിടും " -

    വിശദമാക്കുക
20. മലയാളത്തിലെ പ്രധാന വ്യാകരണ ഗ്രന്ഥങ്ങൾ പരിചയപ്പെടുത്തുക
21. പറ്റുവിനയുടെ വിഭാഗങ്ങളെ പരിചയപ്പെടുത്തുക.
22. വിഭക്തി പ്രത്യയങ്ങൾ ഉദാഹരണസഹിതം വിശദീകരിക്കുക
23. കാലപ്രത്യയങ്ങളുടെ നിഷ്പത്തി വ്യക്തമാക

( 8x 5 = 40; പരമാവധി മാർക്ക് 35)

## Section C

24. കേരളപാണിനിയുടെ ക്രിയാവിഭജനം വിമർശനരൂപേണ പരിശോധിക്കുക.
25. കേരളപാണിനീയത്തിലെയും ലീലാതിലകത്തിലെയും സന്ധി കാര്യങ്ങൾ താരതമ്യം ചെയ്യുക.
26. ഏ. ആർ. ന്റെ സമാസവിഭജനത്തെക്കുറിച്ച് ഉപന്യാസിക്കുക.
27. കേരളപാണിനിയുടെ ശബ്ദവിഭജനത്തിന്റെ സാധുത പരിശോധിക്കുക.

(2x 10 = 20 മാർക്ക്)

1B5N25066 (Pages : 2) Reg. No:.............................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2025**

**BML5B08 - Paschathya sahithya Sidhanthangal**

(2022 Admission onwards)

Time: 2 ½ hours Max. Marks : 80

## സെക്ഷൻ - എ

***I ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. പരമാവധി 25 മാർക്ക്.***

1. പ്ലാറ്റോയുടെ 'അലിഗറി ഓഫ് കേവ് ' വിശദീകരിക്കുക.
2. അരിസ്റ്റോട്ടിലിൻ്റെ രണ്ട് പ്രധാന കൃതികളുടെ പേരുകളെഴുതുക.
3. ഐക്യത്രയം എന്നാൽ എന്ത്?
4. ലോംഗിനസിന് പാശ്ചാത്യ സാഹിത്യത്തിലുള്ള പ്രാധാന്യമെന്ത്?
5. ബയോഗ്രഫിയ ലിറ്ററേറിയയുടെ സവിശേഷതയെന്ത്?
6. വേഡ്സ് വർത്ത് കവിതയ്ക്ക് നൽകിയ നിർവചനം എന്ത്?
7. 'പ്രാഥമികഭാവന'യും 'ദ്വിതീയഭാവന'യും വ്യത്യാസപ്പെടുന്നതെങ്ങനെ?
8. ടോൾസ്റ്റോയിയുടെ കലാവിമർശന ഗ്രന്ഥത്തിൻ്റെ പേര്? പ്രസിദ്ധീകൃത വർഷം?
9. സർറിയലിസത്തിന്റെ മുഖ്യ സവിശേഷത എന്ത്?
10. റിയലിസത്തിന്റെ വക്താക്കളിൽ പ്രധാനികൾ ആരെല്ലാം?
11. ഫ്യൂച്ചറിസം ഉദ്ഭവിച്ചത് എവിടെ? ആദ്യകാല പ്രയോക്താക്കൾ ആരെല്ലാം?
12. ഫ്രോയിഡ് കണ്ടെത്തിയ മനസ്സിൻ്റെ മൂന്ന് തലങ്ങളേവ?
13. ശൈലീവിജ്ഞാനത്തിന്റെ മുഖ്യതത്വങ്ങൾ എന്തെല്ലാം?
14. 'ലാംങ്', 'പരോൾ' എന്നിവ വിശദീകരിക്കുക.
15. ആർക്കിടൈപ്പുകൾ എന്നാൽ എന്ത്?

15 X 2=30 പരമാവധി 25 മാർക്ക്

സെക്ഷൻ - ബി

*II. ഒരു ഖണ്ഡികയിൽക്കവിയാതെ ഉത്തരമെഴുതുക. പരമാവധി 35 മാർക്ക്*

16. ഉദാത്തദാവാദത്തെക്കുറിച്ച് കുറിപ്പെഴുതുക.
17. ട്രാജഡിയുടെ ഘടകങ്ങൾ വിശദീകരിക്കുക.
18. കാവ്യപ്രയോജനത്തെ സംബന്ധിച്ച് കോളറിഡ്ജിൻ്റെ കാഴ്ചപ്പാടുകൾ എന്തെല്ലാം?
19. കലാസംബന്ധിയായ് ടോൾസ്റ്റോയ് അവതരിപ്പിക്കുന്ന വാദങ്ങൾ സംഗ്രഹിക്കുക.
20. ഫ്യൂച്ചറിസ്റ്റ് പ്രസ്ഥാനത്തെക്കുറിച്ച് കുറിപ്പെഴുതുക.
21. റിയലിസത്തിന്റെ ഉദയ സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നു?
22. അപനിർമ്മാണ സാഹിത്യ ചിന്തയെ പരിചയപ്പെടുത്തുക.
23. സൊസ്യൂറിന്റെ ഭാഷാ ചിന്തകൾ ക്രോഡീകരിക്കുക.

5x8=40 പരമാവധി 35 മാർക്ക്

സെക്ഷൻ - സി

*III. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽക്കവിയാതെ ഉത്തരം തയ്യാറാക്കുക*

24. പ്ലാറ്റോയുടെ കലാചിന്തകൾ നിരൂപണദൃഷ്ട്യാ പരിശോധിക്കുക.
25. റൊമാൻ്റിക്ക് പ്രസ്ഥാനത്തിൻ്റെ ഉദയത്തിൽ വേഡ്സ് വർത്തിൻ്റേയും കോളറിഡ്ജിൻ്റേയും സംഭാവനകൾ വിലയിരുത്തുക?
26. മിസ്റ്റിസിസം, എക്സ്പ്രഷനിസം, എക്സിസ്റ്റൻഷ്യലിസം എന്നീ സാഹിത്യപ്രസ്ഥാനങ്ങളുടെ സവിശേഷതകൾ വിവരിക്കുക.
27. മന:ശാസ്ത്ര വിമർശനപദ്ധതിക്ക് ഫ്രോയിഡും യുങ്ങും നൽകിയ സംഭാവനകൾ എന്തെല്ലാം?

2 X 10 = 20മാർക്ക്

1B5N25067 (Pages : 2) Reg. No:.......................

Name: ...........................

66

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2025**

**BML5B09 - Malayala Sahithya Vimarshanam**

(2022 Admission onwards)

Time: 2 ½ hours Max. Marks : 80

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക**

1. വിദ്യാവിനോദിനിയുടെ പത്രാധിപർ ആയി പ്രവർത്തിച്ച നിരൂപകൻ?
2. പാരിസ്ഥിതിക വിമർശനം എന്നാൽ എന്ത്
3. ബഷീറിന്റെ 'ബാല്യകാലസഖി' എന്ന നോവലിന് അവതാരിക എഴുതിയതാര്?
4. ഗതാനുഗതികത്വം എന്നത് കൊണ്ട് അർത്ഥമാക്കുന്നതെന്ത്?
5. ഹരിത നിരൂപണം മലയാളത്തിൽ ആരുടെ കൃതിയാണ്?
6. മരുഭൂമികൾ പൂക്കുമ്പോൾ എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ആര്?
7. വൈലോപ്പിള്ളിക്കവിതളെ കാച്ചിക്കുറുക്കിയ കവിത എന്ന് വിശേഷിപ്പിച്ചത് ആര്?
8. സരസ്വതീ വിജയം ആരുടെ നോവലാണ്?
9. നിഷ്പക്ഷ നിരൂപണം എന്നാൽ എന്ത് ?
10. ഏത് നോവലിനെ മാതൃകയാക്കിയാണ് സി.വി. 'മാർത്താണ്ഡവർമ്മ' നോവൽ രചിച്ചത്?
11. ഭാരതപര്യടനം ആരുടെ കൃതിയാണ്?
12. 'മരണത്തിന്റെ സൗന്ദര്യം' എന്ന ലേഖനത്തിലൂടെ പരാമർശിക്കുന്നത് ആരെക്കുറിച്ചാണ്?
13. 'ജനനിബിഡമായ ദന്തഗോപുരം' ആരുടെ കൃതിയാണ് ?
14. "ജീവിതത്തിൽ നിന്നും വലിച്ചുചീന്തിയ ഒരേടാണ്. അതിന്റെ വക്കിൽ രക്തം പൊടിഞ്ഞിരിക്കുന്നു ". എം പി പോൾ ഏതു നോവലിനെകുറിച്ചാണ് ഇങ്ങനെ അഭിപ്രായപ്പെട്ടത് ?
15. പക്ഷപാതമില്ലാതെ നിരൂപണമില്ല എന്നഭിപ്രായപ്പെട്ടതാര്?

**[2 x 15 = 30 പരമാവധി മാർക്ക് 25]**

ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരം എഴുതുക

16. സാഹിത്യത്തിലെ വ്യത്യസ്ത വിമർശന രീതികളെക്കുറിച്ച് വിവരിക്കുക?
17. കഥകളിലെ പാരിസ്ഥിതികാവബോധത്തെക്കുറിച്ചുള്ള ജി.മധുസൂദനന്റെ നിരീക്ഷണങ്ങൾ വിലയിരുത്തുക?
18. മാർത്താണ്ഡവർമ്മ നോവലിലെ കഥാപാത്രസൃഷ്ടിയെക്കുറിച്ചുള്ള സി.പി.യുടെ അഭിപ്രായങ്ങൾ എന്തെല്ലാം? വിശദമാക്കുക
19. നളിനിയിൽ പുതിയ കാവ്യ പ്രസ്ഥാനമെന്നപോലെ അതിന്റെ അവതാരികയിൽ പുതിയ വിമർശന പ്രസ്ഥാനവും രൂപപ്പെട്ടു. വിശദമാക്കുക?
20. 'വിഷം തീനികൾ' എന്ന ആശയം കേസരി സ്വീകരിച്ചതിന്റെ പശ്ചാത്തലമെന്ത്? വിശദമാക്കുക.
21. 'സരസ്വതി വിജയം' എന്ന നോവൽ മുന്നോട്ടുവെക്കുന്ന നവോത്ഥാന ആശയങ്ങൾ വിശദമാക്കുക .
22. കലയിലെ അനുഭൂതികൾ ചരിത്രപരമായി വികസിക്കുന്ന ഒന്നാണെന്ന് ബി.രാജീവൻ വിലയിരുത്തുവാനുള്ള കാരണമെന്ത്?
23. "എഴുത്തിനെയും സൗന്ദര്യത്തെയും അധികാരത്തെയും കുറിച്ചുള്ള അപഗ്രഥനം സ്വന്തം ആത്മനിഷ്ഠയിൽ വെച്ച് അവസാനിപ്പിക്കുന്നതിലാണ് ഇന്ന് പലരും അഭിരമിക്കുന്നത്"- കെ.ഇ. എന്നിൻറെ കാഴ്ചപ്പാട് വിശദമാക്കുക.

**[5 x 8 = 40 പരമാവധി മാർക്ക് 35]**

ഏതെങ്കിലും രണ്ട് ചോദ്യങ്ങൾ രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക

24. മലയാള സാഹിത്യത്തിലെ തായ്‌ക്കുലം എന്ന ലേഖനത്തിലൂടെ ജെ.ദേവിക മുന്നോട്ട് വെയ്ക്കുന്ന ആശയങ്ങൾ എന്തെല്ലാം?
25. 'കേരളം ബോധപൂർവ്വം മറച്ചുവെച്ച സാമൂഹിക പരിഷ്ക്കരണമാണ് സരസ്വതി വിജയത്തിലേത്'- കെ.കെ. കൊച്ചിന്റെ നിരീക്ഷണങ്ങളെ അടിസ്ഥാനമാക്കി പരിശോധിക്കുക.
26. ഇന്ദുലേഖ എന്ന നോവലിലെ പതിനെട്ടാം അധ്യായത്തെക്കുറിച്ച് പി.കെ. ബാലകൃഷ്ണൻ നടത്തുന്ന നിരീക്ഷണങ്ങൾ വിമർശനാത്മകമായി പരിശോധിക്കുക.
27. ബഷീറിനെയും ബഷീർ സാഹിത്യത്തെയും എം.ൻ വിജയൻ വിലയിരുത്തുന്നതെങ്ങനെ ? മരുഭൂമികൾ പൂക്കുമ്പോൾ എന്ന ലേഖനത്തെ മുൻനിർത്തി വിശദീകരിക്കുക

[2 x 10 = 20]

67

1B5N25068 (Pages : 2) Reg. No:…………………......

Name: ……………………….

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2025**

**BML5B10 - നാടോടി വിജ്ഞാനീയം**

(2022 Admission onwards)

Time: 2 ½ hours Max. Marks : 80

## SECTION A

**I ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക**

1. കേരളഫോക്‌ലോർ അക്കാദമിയുടെ ആസ്ഥാനം എവിടെ ?
2. 'ഫോക്‌ലോർ' എന്ന പദം ആദ്യമായി ഉപയോഗിച്ച പ്രസിദ്ധീകരണം ഏത്
3. ദേശത്തിന്റെ അടിസ്ഥാനത്തിൽ നാടൻപാട്ടുകളുടെ വർഗീകരണം എപ്രകാരമാണ് ?
4. 'ആരോമൽ ചേകവർ' ഏത് പാട്ടിലെ വീരനായകനാണ് ?
5. 'പഴഞ്ചൊല്ലിൽ പതിരില്ല'- ഈ പ്രസ്താവന ശരിയോ ? എന്തുകൊണ്ട് ?
6. സാമുദായികപ്പാട്ടുകൾക്ക് നാല് ഉദാഹരണങ്ങൾ നൽകുക.
7. കടങ്കഥ എന്നാൽ എന്ത് ? രണ്ട് ഉദാഹരണങ്ങൾ എഴുതുക
8. കാളിപ്രമേയ പ്രധാനമായ പ്രധാനപ്പെട്ട അനുഷ്ഠാനകലാരൂപങ്ങൾ ഏതൊക്കെ ?
9. കേരളത്തിൽ സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ നിലവിലുള്ള വിനോദകല ഏത് ?
10. പടയണി - ഒരു കുറിപ്പെഴുതുക.
11. പുരാവൃത്തം എന്തെന്ന് വിശദീകരിക്കുക.
12. റാത്തീബ് എന്ന അനുഷ്ഠാനത്തിന്റെ പ്രത്യേകതകൾ എന്തൊക്കെ ?
13. തെയ്യം, തിറ ഇവ തമ്മിലുള്ള സാജാത്യവ്യത്യാസങ്ങൾ എഴുതുക.
14. അപ്ലൈഡ് ഫാക്‌ലോർ എന്താണെന്ന് വ്യക്തമാക്കുക.
15. മുടിയേറ്റിന് ആധാരമായ പുരാവൃത്തകഥയെന്ത് ?

**(15 X 2 = 30)** (പരമാവധി 25 മാർക്ക്)

## SECTION B

**II. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക**

16 ഫോക്‌ലോർ നിർവ്വഹിക്കുന്ന പ്രധാനപ്പെട്ട ധർമ്മങ്ങൾ എന്തൊക്കെ ? വിശദീകരിക്കുക.

17 ഫോക്‌ലോർ മനഃശാസ്ത്രവുമായി ബന്ധപ്പെട്ടു നിൽക്കുന്നത് എങ്ങനെ ?

18 'വടക്കൻ പാട്ടുകൾ' ഏതൊക്കെയാണ് ? ഈ പാട്ടുകളുടെ പ്രത്യേകതകൾ വിവരിക്കുക.

19 കടങ്കഥയുടെ പ്രധാന സവിശേഷതകൾ എന്തൊക്കെയെന്ന് വ്യക്തമാക്കുക ?

20 അനുഷ്ഠാനനാടകങ്ങളും നാടോടി നാടകങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെ ? പരിശോധിക്കുക.

21 നാടൻ ഭക്ഷണം, നാടൻ വൈദ്യം എന്നിവ നാടോടിവിജ്ഞാനത്തിൽ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനമെന്ത് ? വ്യക്തമാക്കുക

22 അറബിമലയാളത്തിന്റെ സ്വാധീനം മാപ്പിള കലാരൂപങ്ങളിൽ പ്രകടമാണ്. ഉദാഹരണസഹിതം വിലയിരുത്തുക.

23 പുരാവൃത്തം, ഐതിഹ്യം ഇവ തമ്മിലുള്ള സാജാത്യവൈജാത്യങ്ങൾ എന്തൊക്കെ ?

24 കെ.എം അനിലിന്റെ 'കാർഷികവൃത്തിയും ജ്ഞാനവ്യവസ്ഥയും' എന്ന എന്ന ലേഖനം കൃഷിയുടെ ചരിത്രം, നാട്ടറിവുകൾ എന്നിവയുടെ സാരാംശമാണ്. ക്രോഡീകരിക്കുക

**(8 X 5 = 40 (പരമാവധി 35 മാർക്ക്)**

## SECTION C

**III രണ്ടു പുറത്തിൽ കവിയാതെ രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

25 ഫോക്‌ലോർ ചരിത്രം ചുരുക്കി എഴുതുക.

26 ഫോക്‌ലോറിന്റെ പ്രധാന സവിശേഷതകൾ എന്തൊക്കെ ? വിശദീകരിക്കുക.

27 വാമൊഴി വഴക്കത്തിന്റെ സമൃദ്ധിയാണ് നാടോടി സംസ്കാരത്തിന്റെ കാതലായ ഘടകം - വിശദമാക്കുക

28 തിറയുടെ അനുഷ്ഠാനാംശങ്ങളുടെ അനുഭവാത്മകമായ സ്വാംശീകരണമാണ് പ്രദീപൻ പാമ്പിരിക്കുന്നിന്റെ 'മറ്റെന്തിതിൻ നേർക്ക് നമസ്കരിക്ക' എന്ന ലേഖനം. വിലയിരുത്തുക

**(2 X 10 = 20)**

1B5N25069 (Pages : 2) Reg. No:........................

68

Name: ............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2025**

**(Open Course)**

**BML5D02 - Sahithyavum Sargathmagha Rachanayum**

(2022 Admission onwards)

Time: 2 hours

Max. Marks : 60

## PART A
## ANSWER ALL QUESTIONS

1. 'ദൈവവിളി' എന്ന കഥയുടെ പ്രമേയം ചുരുക്കി എഴുതുക.
2. ."ഞാൻ ബി. എ. പാസായത് അടുക്കളക്കാരിയാവാൻ ആണല്ലോ?" ആരുടെ വാക്കുകൾ ? സന്ദർഭം ഏത്?
3. ."കാണുന്നതെന്തും വായിക്കും ഞാൻ. മരുന്നിന്റെ കാറ്റലോഗോ റെയിൽവേ ഗൈഡോ ടെലഫോൺ ഡയറക്ടറിയോ എന്തായാലും കൊള്ളാം " ആരുടെ വാക്കുകൾ ? സന്ദർഭം ഏത്?
4. അമ്മയെ കണ്ടാൽ കോലാടിനെയാണ് ഓർമ വരിക എന്ന് മകൻ പറയാൻ കാരണമെന്ത് ?
5. "മരണം രംഗബോധമില്ലാത്ത ഒരു കോമാളിയാണ്. അല്ലേ ടീച്ചർ ജീ?" ആരുടെ വാക്കുകൾ ? സന്ദർഭം ഏത്?
6. വൈരൂപ്യത്തെയും സൗന്ദര്യത്തെയും വേർതിരിക്കുന്ന അതിർവരമ്പ് കാണുന്നവന്റെ കണ്ണിലാണ്. ഉറൂബ് ഇങ്ങനെ പറയാൻ കാരണമെന്ത്?
7. ഒരു പൂവ് ജനിക്കുന്നത് പോലെയാണ് ഒരു കവിത ജനിക്കുന്നതെന്നു പറഞ്ഞതാര്? ഇങ്ങനെ പറയാൻ കാരണമെന്ത്?
8. പൂവൻപഴം എന്ന കഥ എഴുതാൻ ഉണ്ടായ സാഹചര്യത്തെക്കുറിച്ച് ബഷീർ പറയുന്നതെന്ത്?
9. എന്റെ കാവ്യരചനയ്ക്ക് വഴികാട്ടികളായിരുന്നു അച്ഛനും അമ്മയും. " സുഗതകുമാരി ഇങ്ങനെ പറയുന്നതെന്തുകൊണ്ട്?
10. "ഈശ്വരാ! എനിക്കെന്തോ തകരാറുണ്ട്. ഒന്ന് കരയാൻ പോലും കഴിവില്ലല്ലോ." വിമല ഇങ്ങനെ ചിന്തിക്കാൻ ഇടയായ സാഹചര്യം എന്ത് ?
11. "മരിച്ചുപോയവരെ ഓർത്ത് ഉറക്കം കളയരുത് ജിവിച്ചിരിക്കുന്നവർ ഒരുപാടുണ്ടല്ലോ ഭൂമിയിൽ. " ആരുടെ വാക്കുകൾ ? സന്ദർഭം ഏത്?
12. വിമലയ്ക്ക് ചിരിക്കാൻ കഴിഞ്ഞില്ല. മനസ്സിന്റെ താഴ് വരയിലെവിടെയോ ഒരു മഞ്ഞു കട്ട ഉരുകുന്ന അനുഭവമാണ് തോന്നിയത്. സന്ദർഭം ഏത്?

**(12X2=24 Ceiling 20 Marks)**

PART B

ANSWER ALL QUESTIONS

13. ആധുനികവും പരിഷ്കൃതവുമെന്ന് നാം വിശ്വസിക്കുന്ന സമൂഹം എത്രമാത്രം ദയാരഹിതമായാണ് പെരുമാറുന്നതെന്ന യാഥാർത്ഥ്യമാണ് ഡൽഹി 1981 എന്ന കഥ മുന്നോട്ടുവയ്ക്കുന്നത്. വിശദീകരിക്കുക.

14. "ചിത്തരോഗാശുപത്രിയിലെ ദിനങ്ങൾ " എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.

15 'ടച്ച് സ്ക്രീൻ ' എന്ന കവിത സമകാല സമൂഹത്തെ പ്രധിനിധീകരിക്കുന്നതെങ്ങനെ ? വിശദീകരിക്കുക .

16. കോഴി എന്ന കവിത മുന്നോട്ടുവയ്ക്കുന്ന ജീവിതദർശനം എന്ത്?

17. മഞ്ഞ് എന്ന നോവലിലെ സർദാർജിയുടെ സ്വഭാവം നിരൂപിക്കുക

18. പരാവർത്തനം ചെയ്യുക.

അനന്തമജ്ഞാതമവർണ്ണനീയ-
മീലോകഗോളം തിരിയുന്ന മാർഗ്ഗ-
മതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു
നോക്കുന്നമർത്യൻ കഥയെന്തു കണ്ടു?

19. ഉത്തരേന്ത്യൻ ഗ്രാമങ്ങളിലെ മനുഷ്യജീവിതത്തിന്റെ നേർച്ചിത്രമാണ് രവീന്ദ്രന്റെ 'അകലങ്ങളിലെ മനുഷ്യർ' വിശദീകരിക്കുക.

**(7X5=35 ceiling 30 Marks)**

PART C

ANSWER ANY ONE QUESTION

20. സമകാലിക കേരളീയ സമൂഹത്തിൽ നവമാധ്യമങ്ങളുടെ സ്വാധീനം എന്ന വിഷയത്തിൽ ഒരു ഉപന്യാസം തയ്യാറാക്കുക.

21. ബഷീറിയൻ കഥകളുടെ സവിശേഷതകൾ പൂവൻപഴം എന്ന കഥയെ മുൻനിർത്തി ചർച്ച ചെയ്യുക.

**(1X10= 10 Marks)**